**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - സെന്റർ ഫോർ സയൻസ് ആന്റ് എൻവയൺമെന്റ് സംഘടിപ്പിച്ച സെമിനാറിൽ പങ്കെടുക്കുന്നതിന് തിരുവനന്തപുരം നഗരസഭാ മേയർ അഡ്വ.വി.കെ. പ്രശാന്ത് ന്യൂഡൽഹിയിലേക്ക് വിമാന മാർഗ്ഗം നടത്തിയ യാത്രക്ക് മുൻ നൽകേണ്ട അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**തദ്ദേശ സ്വയം ഭരണ (ഇ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 1139/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 21.04.2018.

==========================================================

പരാമർശം:- തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയുടെ 06.12.2017, 09.01.2018 എന്നീ തീയതികളിലെ സി7/174/2014 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

2017 ഡിസംബർ 12,13 തിയതികളിൽ ന്യൂഡൽഹിയിൽ വച്ച് സെന്റർ ഫോർ സയൻസ് ആന്റ് എൻവയൺമെന്റ് സംഘടിപ്പിച്ച സെമിനാറിൽ പങ്കെടുക്കുന്നതിന് തിരുവനന്തപുരം നഗരസഭാ മേയർ അഡ്വ.വി.കെ. പ്രശാന്തിന് വിമാനമാർഗ്ഗം യാത്ര ചെയ്യുന്നതിന് അനുമതി നൽകണമെന്ന് പരാമർശം പ്രകാരം തിരുവനന്തപുരം നഗരസഭാ സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം നഗരസഭാ മേയർ അഡ്വ.വി.കെ. പ്രശാന്ത് 2017 ഡിസംബർ 12, 13 തിയതികളിൽ ന്യൂഡൽഹിയിൽ വച്ച് സെന്റർ ഫോർ സയൻസ് ആന്റ് എൻവയൺമെന്റ് സംഘടിപ്പിച്ച സെമിനാറിൽ പങ്കെടുക്കുന്നതിന് വിമാന മാർഗ്ഗം നടത്തിയ യാത്രക്ക് മുൻ നൽകേണ്ട അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സിന്ധു എൽ.**

**സ്പെഷ്യൽ സെക്രട്ടറി**

മേയർ, തിരുവനന്തപുരം നഗരസഭ.

സെക്രട്ടറി, തിരുവനന്തപുരം നഗരസഭ.

അക്കൗണ്ട് ജനറൽ (A&E/Audit) തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ( വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ